<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: ഷീബാ ജോർജ്ജ് ഐ.എ.എസ് )

തിരുവനന്തപുരം,
ഉത്തരവ് നം. SJD/2030/2020-C1 തീയതി. 09/06/2020

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - പ്രൊബേഷൻ ആന്റ് ആഫ്റ്റർ കെയർ പ്രോഗ്രാം - ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. സ.ഉ.(സാധാ) നം. 322/2014/സാ.നീ.വ തീയതി 08/05/2014
2. സ.ഉ.(സാധാ) നം. 681/2017/സാ.നീ.വ തീയതി 15/10/2017
3. നെട്ടുകാൽത്തേരി തുറന്ന ജയിൽ സൂപ്രണ്ടിന്റെ 28/09/2019 തീയതിയിലെ ഒപി 4-/945/2019 നം. കത്ത്.

കുടുംബനാഥൻ ജയിലിൽ കഴിയുന്നത് മൂലം വനിതകൾ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും , വനിതാ തടവുകാരുടെ കുട്ടികൾക്കും വിദ്യാഭ്യാസ ധനസഹായം പുതുക്കി നിശ്ചയിച്ചുകൊണ്ട് മേൽ പരാമർശം (1), (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം 5 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾക്കും, 1 മുതൽ 5 വരെ ക്ലാസ്സിലുള്ള കുട്ടികൾക്കും 300/- രൂപാ വീതവും, 6 മുതൽ 10 വരെ ക്ലാസ്സിലുള്ള കുട്ടികൾക്ക് 500/- രൂപാ വീതവും, +1, +2 ക്ലാസ്സുകളിലെ കുട്ടികൾക്ക് 750/- രൂപാ വീതവും, സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിലും, മെരിറ്റ് സീറ്റിൽ അൺ എയ്ഡഡ് കോളേജുകളിൽ ഡിഗ്രി / പ്രൊഫണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് 1000/- രൂപാ വിതവും പ്രതിമാസം തുക അനുവദിക്കുന്നുണ്ട്.

2019-20 സാമ്പത്തിക വർഷത്തെ വിദ്യാഭ്യാസ ധനസഹായത്തിനായി സൂചന (3) പ്രകാരം ലഭിച്ച ശ്രീ. സുരേഷ്, പൂത്രേഴത്ത് കോളനി, ചെമ്പനത്ത്കര, വൈക്കം, കോട്ടയം എന്നയാളുടെ മകനായ അഭിനവ് സുരേഷിന്റെ അപേക്ഷയിൽ ഉൾക്കൊള്ളിച്ചിരുന്ന സ്കൂൾ സർട്ടിഫിക്കറ്റിലെ തീയതി അവ്യക്തമായതിനാൽ ധനസഹായം അനുവദിക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ തീയതിയിൽ വ്യക്തത വരുത്തിയ സ്കൂൾ സർട്ടിഫിക്കറ്റ് ലഭ്യമായ സാഹചര്യത്തിൽ ടി അപേക്ഷ പരിഗണിക്കാവുന്നതാണ്. യു.കെ.ജി യിൽ പഠിക്കുന്ന അഭിനവ് സുരേഷിന് പ്രതിമാസം 300/- രൂപാ നിരക്കിൽ 10 മാസത്തേയ്ക്ക് 3000/- രൂപയുടെ ധനസഹായത്തിന് അർഹതയുള്ളതായി കാണുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ , നെട്ടുകാൽത്തേരി തുറന്ന ജയിലിൽ ദീർഘകാലമായി തടവ് ശിക്ഷ അനുഭവിച്ചുവരുന്ന ശ്രീ. സുരേഷ്, പൂത്രേഴത്ത് കോളനി,

ചെന്മനത്ത്കര, വൈക്കം, കോട്ടയം എന്നയാളുടെ മകനായ അഭിനവ് സുരേഷിന് 2019-20 സാമ്പത്തിക വർഷത്തെ വിദ്യാഭ്യാസ ധനസഹായമായി 3000/- ( മൂവായിരം രൂപാ മാത്രം ) രൂപാ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

മേൽ തുകയായ 3000/- ( മൂവായിരം രൂപ മാത്രം ) രൂപാ ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താവിന്റെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

| FINANCIAL ASSISTANCE TO THE CHILDREN OF PRISONERS | | | | | | |
|---|---|---|---|---|---|---|
| OPEN JAIL, NETTUKALTHERI | | | | | | |
| Sl No. | Name & Address of Applicant | Name of Beneficiary | Class | Amount (Rs.) | Bank Account Number & IFS Code | Name of Bank & Branch |
| 1 | Suresh, Poothrezhath Colony, Chenmanathukara PO, Vaikkam, Kottayam | Abhinav Suresh | UKG | 3000/- | 6669067031 IDBI000V109 | Indian Bank Vaikom |
| | TOTAL | | | 3000/- ( Rs. Three Thousand Only ) | | |

ഇതിലേയ്ക്കാവശ്യമായ ചെലവ് 2020-21 സാമ്പത്തിക വർഷത്തിലെ 2235-02-106-93 ( പ്ലാൻ ) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ

പകർപ്പ് :

1. സൂപ്രണ്ട്, എ/ബി സെക്ഷൻ
2. സൂപ്രണ്ട്, നെട്ടുകാൽത്തേരി തുറന്ന ജയിൽ & കറക്ഷണൽ ഹോം
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

4312/2020

സൂപ്രണ്ട്